പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6593 — 12.07.2012-ൽ മറുപടിയ്ക്ക്

# പുന്നപ്ര കെ. എസ്. ഇ. ബി സബ്ഡിവിഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) പുന്നപ്ര കെ. എസ്. ഇ. ബി സബ്ഡിവിഷൻ ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും കെട്ടിടം ഒഴിഞ്ഞു കൊടുക്കണമെന്ന് കെട്ടിട ഉടമ ആവശ്യപ്പെട്ടിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) പുന്നപ്ര ട്രാൻസ്മിഷൻ ക്വാർട്ടേഴ്സ് കോമ്പൗണ്ടിലുള്ള കെട്ടിടത്തിലേയ്ക്ക് സെക്ഷൻ ഓഫീസ് മാറ്റാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) പുന്നപ്ര ട്രാൻസ്മിഷൻ ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ പ്രസ്തുത കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം വെറുതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) പുന്നപ്ര സബ്സ്റ്റേഷൻ / ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ നിലവിലുള്ള സ്ഥലം തന്നെ സബ്സ്റ്റേഷൻ വികസനത്തിന് മതിയാകാതെയാണിരിക്കുന്നത്. |
| (ഡി) ഈ സ്ഥലത്ത് പുന്നപ്ര കെ. എസ്. ഇ. ബി സബ്ഡിവിഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയാൻ എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | (ഡി) നിർദ്ദിഷ്ട ലൈനുകളുടെയും പുതിയ ലൈനുകളുടെയും ദിശ ക്വാർട്ടേഴ്സ് കോമ്പൗണ്ടിലൂടെ മാത്രമേ നിർദ്ദേശിക്കാനാവുകയുള്ളൂ എന്നതിനാൽ ആ ഭാഗത്ത് ഇനി യാതൊരു വിധ നിർമ്മാണവും സാധ്യമല്ല. കോമ്പൗണ്ടിന്റെ കിഴക്കേ അറ്റത്തുള്ള ഒരു ക്വാർട്ടേഴ്സ് സെക്ഷൻ ഓഫീസ് പ്രവർത്തനത്തിനു വിട്ടുകൊടുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.